# ഉത്തരം ഊട്ടുന്ന ഉത്തരായണം

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

**മകരസംക്രമണം** കഴിഞ്ഞില്ലേ!
കർക്കടകമാരി സായാഹ്നം പുതച്ച്
പൊതുസദസ്സിൽ തിമിർത്തു പെയ്തില്ലേ?
കൊടും ചുടുകോടി ഉള്ളിലണിഞ്ഞ
ആന്തരദഹന സൂര്യയന്ത്ര ശിരോമണി
ലെയ്സർ പൾസിൽ തോക്കു നിറച്ച്
വായനാവിനോദ പണിപ്പുരവേദിയിൽ
ജനലഴി മുറിച്ച് അകക്കണ്ണു തുരന്ന്
വടക്കേ ചാക്രികരഥത്തിൽ അയനക്കഥയിൽ
വെടക്കാക്കും കന്യാച്ഛദ പരിരംഭണത്തിനു
കൂലിപ്പടയ്ക്കു കൈനീട്ടം കൊടുത്തില്ലേ?

പൊട്ടുതൊട്ട പെണ്ണ്
സീമന്ത സംബന്ധരേഖ തടവി
ബ്രഹ്മലോകത്തു പോലും
സപ്താക്ഷര പഞ്ചാക്ഷര മന്ത്രം
അർത്ഥമറിയാതെ ഉരുക്കഴിക്കും
പൊട്ടരും പൊട്ടിമാരുമുണ്ടെന്ന്
എട്ടുംപൊട്ടും തിരിയാത്ത കുട്ട്യോൾക്ക്
പഠനാഭ്യാസ പണികൊടുത്തില്ലേ?

അന്നേരം മുന്നേരവും
ഉത്തരം കണ്ട പത്തു ഥാട്ടുകൾ
മധുരപ്പലഹാര സിത്താറിൽ നീട്ടിമീട്ടി
ശീർഷസ്സിരയിൽ ഗൂഢസ്സമ്മർദ്ദ-
ക്കറിന ഉത്തരകാണ്ഡ ബീജം

അതിജീവന മന്ത്രം മറന്ന
ഋതുപർണ്ണത്തിലെ മുനിമടയിൽ
ജഠരജട നീട്ടിത്തടവി
താമരസ ചെഞ്ചിതളുകൾ
മൂക പിതാമഹ ശരശയ്യയിൽ
സംവത്സരപ്പക്ഷിയെ കാത്ത്
കരഞ്ഞടഞ്ഞ്
കരിഞ്ഞുടഞ്ഞില്ലേ?
************************************************************